മാതൃഭൂമി

02 July 2017

# കടൽ സമ്പത്തിന്റെ സുസ്ഥിര ഉപയോഗത്തിന് പദ്ധതി

**കൊച്ചി:** കടൽ സമ്പത്ത് സുസ്ഥിരമായി ഉപയോഗിക്കുന്നതിനും സമുദ്ര ആവാസ വ്യവസ്ഥയുടെ ശരിയായ പരിപാലനത്തിനും ദേശീയതലത്തിൽ കർമപദ്ധതി വരുന്നു. നിതി ആയോഗിന്റെ നിർദ്ദേശത്തോടെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) വേൾഡ് വൈൽഡ് ലൈഫ് ഫണ്ട് ഇന്ത്യയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

കടൽ സമ്പത്തിന്റെ സുസ്ഥിരമായ വിനിയോഗത്തിലൂടെ സമുദ്ര ആവാസ വ്യവസ്ഥയെ പരിക്കേൽക്കാതെ സംരക്ഷിക്കുകയും അതുവഴി 'ബ്ലൂ ഇക്കോണമി' വികസിപ്പിക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

കടൽ സമ്പത്ത് ഉപയോഗിക്കുന്നതിനുള്ള സുസ്ഥിരമായ പരിപാലന മാതൃകകൾ, ചെറുകിട മത്സ്യബന്ധന മേഖല ശക്തിപ്പെടുത്തുന്നതിനുള്ള മാർഗങ്ങൾ, അമിത മീൻപിടിക്കൽ, തീരദേശ മലിനീകരണം എന്നിവ തടയുന്നതിനുള്ള വഴികൾ, മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഉപജീവനം സംരക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ തുടങ്ങിയവ പദ്ധതിയിലുണ്ടാകും.

ഐക്യരാഷ്ട്ര സഭ തയ്യാറാക്കിയ സുസ്ഥിര വികസന ലക്ഷ്യങ്ങൾ ഇന്ത്യയിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് പദ്ധതി തയ്യാറാക്കുന്നത്.

ഇതിനായി നിതി ആയോഗ്, വേൾഡ് വൈൽഡ് ലൈഫ് ഫണ്ട് ഇന്ത്യ എന്നിവയുമായി സഹകരിച്ച് ദേശീയതലത്തിൽ വിദഗ്ധ സംഗമം ചൊവ്വ, ബുധൻ ദിവസങ്ങളിൽ സി.എം.എഫ്.ആർ.ഐ.യിൽ നടക്കും.

നിതി ആയോഗ് മെംബർ ഡോ. രമേശ് ചന്ദ്, നിതി ആയോഗ് ഉപദേശകൻ ഡോ. അശോക് ജെയിൻ, വേൾഡ് വൈൽഡ് ലൈഫ് ഫണ്ട് ഇന്ത്യ പ്രോഗ്രാം ഡയറക്ടർ സേജൽ വോറ എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകും.